## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5721 | 03.11.2016 ന് മറുപടിയ്ക്ക്

**തൃശ്ശൂരിൽ അന്താരാഷ്ട്ര നിലവാരമുള്ള സുവോളജിക്കൽ പാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.ഷാഫി പറമ്പിൽ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂരിൽ അന്താരാഷ്ട്ര നിലവാരമുള്ള സുവോളജിക്കൽ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | **(എ)** നിലവിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മൃഗശാലയെ മാറ്റി പുത്തൂരിൽ സ്ഥാപിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും അതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. തുടർന്ന് ലോകപ്രശസ്ത മൃഗശാലാ ഡിസൈനർ ശ്രീ.ജോൺ കോ-യുടെ നേതൃത്വത്തിലുള്ള ഐഡിയ ഡിസൈൻസ് എന്ന കമ്പനി വിശദമായ രൂപരേഖ (DPR) തയ്യാറാക്കി വരുന്നു. അതനുസരിച്ച് 12.08.2016 ലെ ജി.ഒ (എം.എസ്) നം.30/2016/വനം സർക്കാർ ഉത്തരവ് പ്രകാരം നിർമ്മാണത്തിന്റെ ആദ്യഘട്ടം ജോലികൾ തുടങ്ങുന്നതിന് സെൻട്രൽ പി.ഡബ്ല്യു.ഡി-യെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. ആദ്യഘട്ടത്തിന്റെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കൽ പുരോഗമിച്ചു വരുന്നു. |
| (ബി) എത്ര ഏക്കർ വനപ്രദേശമാണ് പ്രസ്തുത പദ്ധതിക്ക് ഉപയോഗിക്കുന്നത്; വിശദാംശം നൽകുമോ? | **(ബി)** 65 ഹെക്ടർ മുളത്തോട്ടവും 71 ഹെക്ടർ കശുമാവുതോട്ടവും ആയിട്ടുള്ള 136 ഹെക്ടർ സ്ഥലത്തിൽ ഉദ്ദേശം 75 ഹെക്ടർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ബാക്കിയുള്ള 61 ഹെക്ടർ സ്ഥലം മൃഗശാലയുടെ ഭാവിയിലുള്ള വികസനത്തിനായി ഉപയോഗിക്കാവുന്നതാണ്. |

Vatsala S.Ld

സെക്ഷൻ ഓഫീസർ